KERALA STATE RURAL ROADS DEVELOPMENT AGENCY
LOCAL SELF GOVERNMENT (RD) DEPARTMENT
GOVERNMENT OF KERALA
3rd Floor, Revenue Complex, Public Office Compound,
Vikas Bhavan P. O. Thiruvananthapuram, Kerala PIN-695033 Phone: 0471-2312025
Email: ksrrda@gmail.com

നം.301/എ/2023/കെ.എസ്.ആർ.ആർ.ഡി.എ തീയതി. 27/08/2025

# അടിയന്തിര ക്വട്ടേഷൻ നോട്ടീസ്

കേരള സ്റ്റേറ്റ് റൂറൽ റോഡ് ഡെവലപ്പ്മെന്റ് ഏജൻസി ഓഫീസിലേയ്ക്ക് കരാർ അടിസ്ഥാനത്തിൽ, **ഇന്നോവ ക്രിസ്റ്റ** പൂർണ്ണ സമയത്തേയ്ക്ക് വാടകയ്ക്ക് നൽകാൻ തയ്യാറുള്ള ടാക്സി രജിസ്ട്രേഷൻ ഉള്ള വാഹനങ്ങളുടെ ഉടമകളിൽ നിന്ന് / ഏജൻസികളിൽ നിന്ന് ക്വട്ടേഷൻ ക്ഷണിക്കുന്നു. ക്വട്ടേഷനുകൾ 10/09/2025 വരെ സ്വീകരിക്കുന്നതും അന്നേ ദിവസം ഉച്ചയ്ക്ക് ശേഷം 4.00 മണിയ്ക്ക് തുറക്കുന്നതുമാണ്.

ക്വട്ടേഷൻ സംബന്ധിച്ച് നിബന്ധനകൾ ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു. ക്വട്ടേഷൻ വിശദാംശങ്ങളുടെ ഫോം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ക്വട്ടേഷനുകൾ നൽകുന്ന കവറിന്റെ പുറത്ത് മുകൾ ഭാഗത്ത് കെ.എസ്.ആർ.ആർ.ഡി.എ ഓഫീസ് വാഹന ക്വട്ടേഷൻ നോട്ടീസ് തീയതി രേഖപ്പെടുത്തേണ്ടതാണ്. തൃപ്തികരം അല്ലാത്തതിനാൽ ഈ ഓഫീസിൽ നിന്നും സേവനം അവസാനിപ്പിച്ചിട്ടുള്ളവരും ഏതെങ്കിലും സർക്കാർ ഏജൻസികൾ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയവരും ക്വട്ടേഷൻ സമർപ്പിക്കാൻ യോഗ്യരല്ല.

ക്വട്ടേഷൻ ലഭിക്കേണ്ട വിലാസം

Chief Engineer
Kerala State Rural Road Development Agency
3rd Floor, Revenue Complex, Public Office Building
Vikas Bhavan.P.O, Thiruvananthapuram-033

KERALA STATE RURAL ROADS DEVELOPMENT AGENCY Tvm 695033

ചീഫ് എഞ്ചിനീയർ

നിബന്ധനകൾ

1. വാഹനം പൂർണ്ണ സമയത്തേയ്ക്ക് ഓഫീസിന് ലഭ്യമാക്കേണ്ടതാണ്. നൽകുന്ന വാഹനം മറ്റു ഓട്ടങ്ങൾക്ക് ഉപയോഗിക്കാൻ അനുവദിക്കുന്നതല്ല.
2. ഒരു മാസം ആകെ എത്ര കിലോമീറ്റർ ഓടും, അതിന് ആവശ്യപ്പെടുന്ന മാസനിരക്ക് ഒരു മാസത്തേയ്ക്ക് ക്വാട്ട് ചെയ്യുന്ന കിലോമീറ്ററിലും ഓട്ടം അധികരിക്കുന്ന പക്ഷം ഓരോ കിലോമീറ്ററിനും ഈടാക്കുന്ന അധിക നിരക്ക് എന്നിവ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഏറ്റവും കുറഞ്ഞ മാസനിരക്കിൽ അധികമായി ഓടുന്ന കിലോമീറ്ററിനുള്ള തുക മൂന്നുമാസത്തിൽ ആകെ ഓടേണ്ട ദൂരത്തെ ഒരു സ്ളാബ് ആയി പരിഗണിച്ച് അതിൽ അധികമായി വരുന്ന ദൂരത്തിനായിരിക്കും തുക അനുവദിക്കുന്നത്.
3. രാവിലെ 8 മണി മുതൽ വൈകിട്ട് 8 മണിവരെ ആയിരിക്കും ഡ്രൈവറുടെ സേവനം അധികസമയസേവനത്തിന് സർക്കാർ അംഗീകൃത ബത്ത നൽകുന്നതാണ്.
4. കരാർ പ്രകാരം ലഭ്യമാക്കുന്ന വാഹനത്തിന്റെ മോഡൽ (ഉദാ മാരുതി ഡിസയർ, സിയാസ്, ഹോണ്ട സിറ്റി എന്നിങ്ങനെ) ഓരോമോഡലിനും ക്വാട്ട് ചെയ്യുന്ന നിരക്ക് എന്നിവ പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. ഉയർന്ന സുരക്ഷിതത്വവും സൗകര്യങ്ങളും പഴക്കം കുറവുമുള്ള വാഹനത്തിന് മുൻഗണന നൽകുന്നതാണ്.
5. വാഹനത്തിന്റെ നികുതികൾ വാഹനത്തിന്റെയും യാത്രക്കാരുടെയും അപകട ഇൻഷുറൻസ് ഡ്രൈവറുടെ വേതനം മറ്റു ആനുകൂല്യങ്ങൾ ഇന്ധന റിപ്പയറിംഗ് ചെലവുകൾ മുതലായവയെല്ലാം വാഹന ഉടമ തന്നെ വഹിക്കേണ്ടതാണ്.
6. തുക ക്വാട്ട് ചെയ്യുമ്പോൾ ഇൻകം ടാക്സ് ജി.എസ്.റ്റി തുടങ്ങി എല്ലാ ഇനം നികുതികളും ചെലവുകളും ചേർത്തുള്ള തുക ക്വാട്ട് ചെയ്യേണ്ടതാണ്. ജി.എസ്.റ്റി ഇൻകം ടാക്സ് എന്നിവ സ്രോതസ്സിൽ പിടിക്കുന്നതായിരിക്കും
7. ക്വട്ടേഷൻ നൽകുന്ന ആളുടെ / ഏജൻസിയുടെ ഉടമസ്ഥതയിൽ ഉള്ളതും ടാക്സി രജ്സ്ട്രേഷൻ ഉള്ളതുമായിരിക്കണം നൽകുന്ന വാഹനം, കരാറുകാരന് പാൻകാർഡ്, ബാങ്ക് അക്കൗണ്ട് എന്നിവ ഉണ്ടായിരിക്കേണ്ടതും സംസ്ഥാന ഏജൻസി നിശ്ചയിക്കുന്ന വിധത്തിൽ ബാങ്ക് വഴി പേയ്മെന്റ് ലഭിക്കുന്നതിനുള്ള രേഖകൾ ഹാജരാക്കേണ്ട തുമാണ്.
8. കൂടുതൽ സൗകര്യങ്ങളും ഉയർന്ന ക്ളാസിലുമുള്ള വാഹനങ്ങൾ ലഭ്യമാക്കുന്നവർക്ക് ടെണ്ടർ തുകയിൽ അതിനനുസൃതമായ മുൻഗണന നൽകുന്നതാണ്.
9. വാഹനത്തിൽ പൊടിപടലങ്ങൾ ഇല്ലാതെയും അകവും പുറവും ദൈനംദിനം വൃത്തിയായും സൂക്ഷിക്കേണ്ടതാണ്.
10. ക്വട്ടേഷൻ നോട്ടീസിൽ ഇല്ലാത്ത നിബന്ധനകളോടെ നൽകുന്നതായ ക്വട്ടേഷൻ പരിഗണിക്കുന്നതല്ല.
11. ടെണ്ടർ ലഭിക്കുന്ന ആൾ ഇൻഷുറൻസ്, പൊല്യൂഷൻ സംബന്ധമായ എല്ലാ രേഖകളും ഉൾപ്പെടെ വാഹനം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.
12. കരാർ ഉറപ്പിച്ച അറിയിപ്പ് ലഭിച്ചു നിശ്ചയിക്കപ്പെട്ട തീയതികളിൽ സ്വന്തം ചെലവിൽ കരാർ വയ്ക്കേണ്ടതും അല്ലാത്ത പക്ഷം അടുത്തയാൾക്ക് കരാർ

നൽകുന്നതും തുടർന്നുള്ള ക്വട്ടേഷനുകളിൽ പങ്കെടുക്കുന്നതിൽ നിന്ന് വിലക്കുന്നതുമാണ്.

13. ഒരു വർഷം ആയിരിക്കും കരാർ കാലയളവിൽ ഒരു കാരണവശാലും തുക വർധിപ്പിക്കുന്നതല്ല. തുടർന്ന് പരസ്പര ധാരണയുടെ അടിസ്ഥാനത്തിൽ തീരുമാനിക്കുന്ന വർധനയ്ക്ക് വിധേയമായി കരാർ പുതുക്കാവുന്നതുമാണ്.
14. വാഹനം ഓഫീസിൽ നിന്ന് അനുമതി കൂടാതെയും ലോഗ് രേഖപ്പെടുത്താതെയും കൊണ്ടുപോകാൻ പാടുള്ളതല്ല. ലോഗുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെക്കൊണ്ട് ഓട്ടം കഴിഞ്ഞാൽ ഉടൻ ഒപ്പുവച്ച് വാഹനത്തിൽ സൂക്ഷിക്കേണ്ടതാണ്.
15. ഡ്രൈവറുടെ ലൈസൻസ്, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന രേഖകൾ ഡ്രൈവർമാർ മാറുന്ന ഇടവേളകളിൽ ഉൾപ്പെടെ എല്ലാ അവസരങ്ങളിലും മുൻകൂട്ടി നൽകേണ്ടതാണ്.
16. ഡ്രൈവർമാർ മികച്ച പെരുമാറ്റം ഉള്ളവരും ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടവർ അല്ലെന്നും വാഹന ഉടമ ഉറപ്പ് വരുത്തേണ്ടതാണ്.
17. ക്വട്ടേഷൻ സംബന്ധിച്ചുള്ള സർക്കാരിന്റെ നിലവിലുള്ള എല്ലാ നിബന്ധനകളും ഈ ക്വട്ടേഷന് ബാധകമായിരിക്കും.
18. എല്ലാ ക്വട്ടേഷൻ / ടെണ്ടർ അനുബന്ധ രേഖകളും കരാറിൻെറ ഭാഗാമായിരിക്കുന്നതാണ്.
19. ക്വട്ടേഷൻ യാതൊരു കാരണവും രേഖപ്പെടുത്താതെ റദ്ദാക്കാനുള്ള പൂർണ്ണഅവകാശം എംപവേർഡ് ഓഫീസർക്ക് ഉണ്ടായിരിക്കും
20. ക്വട്ടേഷനോടൊപ്പം വാഹനത്തിന്റെ എല്ലാ രേഖകളും ഹാജരാക്കേണ്ടതാണ്. എതെങ്കിലും സാഹചര്യത്തിൽ വാഹനം മാറുന്ന പക്ഷം പുതിയ വാഹനത്തിന്റെ എല്ലാ രേഖകളും ഓഫീസിൽ ഹാജരാ ക്കേണ്ടതാണ് ഇപ്രകാരം നൽകുന്ന വാഹനങ്ങൾ ക്വട്ടേഷൻ പ്രകാരമുള്ള എല്ലാ നിബന്ധനകളും പാലിച്ചിരിക്കേണ്ടതാണ്.
21. ഏതെങ്കിലും കാരണവശാൽ കാലയളവിന് മുൻപ് കരാർ അവസാനിപ്പിക്കുന്ന പക്ഷം ഒരു മാസത്തെ മുൻകൂർ നോട്ടീസ് നൽകേണ്ടതാണ്. അല്ലാത്ത പക്ഷം നോട്ടീസ് കാലാവധിയുടെ ആനുപാതികമായ തുക വാടകയിൽ നിന്നും കുറവ് ചെയ്യുന്നതാണ്.
22. ക്വട്ടേഷൻ നിബന്ധനകൾ ലംഘിക്കുന്ന പക്ഷം മുൻകൂർ നോട്ടീസ് ഇല്ലാതെ തന്നെ കരാർ അവസാനിപ്പിക്കുന്നതായിരിക്കും.

ചീഫ്എഞ്ചിനീയർ
കെ.എസ്.ആർ.ആർ.ഡി.എ

**കെ.എസ്.ആർ.ആർ.ഡി.എ -**
**വാടകയ്ക്ക് വാഹനം**
**ലഭ്യമാക്കുന്നതിനുള്ള ക്വട്ടേഷൻ ഫാറം**

(ഫാറത്തിലെ എല്ലാ കോളങ്ങളും പൂരിപ്പിക്കേണ്ടതും പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതുമാണ്.)

| | | |
|---|---|---|
| 1 | ക്വട്ടേഷൻ നൽകുന്ന വാഹന ഉടമസ്ഥന്റെ പേര്, എജൻസിയുടെ പേര്, പൂർണ്ണമായ മേൽവിലാസം(പിൻകോഡ് ഉൾപ്പെടെ) | |
| 2 | ഫോൺ നമ്പർ, ഇ-മെയിൽ | |
| 3 | ലഭ്യമാക്കുന്ന വാഹനത്തിന്റെ പേര്, നമ്പർ മറ്റ് വിവരങ്ങൾ | |
| 4 | വാഹനത്തിന്റെ രജിസ്ട്രേഷൻ മാസവും വർഷവും | |
| 5 | ലഭ്യമാക്കുന്ന വാഹനം ക്വട്ടേഷൻ തീയതിവരെ ഓടിയ കിലോമീറ്റർ | |
| 6 | വാഹന ഉടമസ്ഥന്റെ മേൽ വിലാസം തുടങ്ങിയവ തെളിയിക്കുന്നതിന് ക്വട്ടേഷനോടൊപ്പം വയ്ക്കുന്ന രേഖകൾ, ആധാർ കാർഡ്, പാൻകാർഡ്, ഡ്രൈവിംഗ് ലൈൻസ് (ഏതെങ്കിലും ഒന്നിന്റെ പകർപ്പ് വയ്ക്കുക) | |
| 7 | വാഹനം ഒരു മാസത്തേയ്ക്ക് ഓടാവുന്ന കിലോമീറ്ററും അതിന് ആവശ്യപ്പെടുന്ന മാസനിരക്കും | ................കി.മീ / മാസം രൂപ .................... |
| 8 | ക്രമനം 7 പ്രകാരമുള്ള ദൂരത്തിന് അധികമായി വാഹനം ഓടുന്ന ഓരോ കിലോമീറ്ററിനും ആവശ്യപ്പെടുന്ന നിരക്ക് | അധികമായുള്ള ഓരോകിലോമീറ്ററിനും ......................രൂപയ്ക്ക് ഓടാവുന്നതാണ് |
| 9 | ക്വട്ടേഷൻ പ്രകാരമുള്ള സമയത്തിനപ്പുറം സേവനം ലഭ്യമാക്കേണ്ടി വന്നാൽ ആയതിനുള്ള ഡ്രൈവർ ബത്ത | രൂപ ..........................മണിക്കൂർ / ദിവസം |